**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 680** **09-08-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെയും, നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും പുരോഗതി സർക്കാർ തലത്തിലും റിയാബ് തലത്തിലും സമയബന്ധിതമായി വിശകലനം ചെയ്യുകയും പ്രവർത്തന പുരോഗതിയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നുണ്ട്. പൊതുമേഖലാ സ്ഥാപങ്ങളുടെ പൊതുവായ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 2021-22, 2022-23 കാലയളവിൽ യഥാക്രമം 4546.88, 4310.99 കോടി രൂപയും പ്രവർത്തന ലാഭം യഥാക്രമം 264.57, 60.72 കോടി രൂപയുമാണ്. 2021-22 സാമ്പത്തിക വർഷം 23 സ്ഥാപനങ്ങളും, 2022-23 സാമ്പത്തിക വർഷത്തിൽ 24 സ്ഥാപനങ്ങളും പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്ക് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ ONDC യുമായി (Open Network for Digital Commerce) ധാരണാപത്രം ഒപ്പുവെച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>• കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ബിസിനസ്/ഓർഡറുകൾ നേടിയെടുക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ആദ്യമായി കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ബി2ബി മീറ്റ് സംഘടിപ്പിക്കുകയും തുടർന്ന് വിവിധ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>• സർക്കാർ ധനസഹായത്തിന് പുറമെ ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മൂലധന/ പ്രവർത്തന മൂലധന സഹായം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ച "ബാങ്കേഴ്സ് വർക്കിംഗ് ഗ്രൂപ്പ്" സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ച് വരുന്നു.<br>• പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയല്ലാതെയുള്ള എല്ലാ നിയമനങ്ങളും നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>• പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തത്തോട് കൂടി പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി സമർപ്പിച്ച ശ്രീ. പോൾ ആൻറണി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകി. |
| (ബി) | ചാന്ദ്രയാൻ-3 ന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനും ഇതിനാവശ്യമായ ഘടകങ്ങൾ നിർമ്മിച്ചു നൽകുന്നതിനുമുള്ള ചുമതല സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്നോ; വിശദമാക്കുമോ; | (ബി) | ലഭിച്ചിരുന്നു.<br><br>ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണമായ ചന്ദ്രയാൻ-3 ദൗത്യത്തിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എടുത്തുപറയുന്ന പങ്കു വഹിക്കുന്നതിനു സാധിച്ചിട്ടുണ്ട്. സ്ഥാപനങ്ങളും അവയുടെ സംഭാവനകളും ചുവടെ ചേർക്കുന്നു:-<br><br>• ടൈറ്റാനിയം സ്പോഞ്ച് ഉല്പാദിപ്പിക്കുന്ന രാജ്യത്തെ ഏക സ്ഥാപനമായ കെ.എം.എം.എൽ-ൽ നിന്നുള്ള ടൈറ്റാനിയം സ്പോഞ്ച് മെറ്റൽ ഉപയോഗിച്ച് ഉണ്ടാക്കിയ അലോയ്കളാണ് ചന്ദ്രയാൻ പേടകത്തിലെ ക്രിട്ടിക്കൽ കമ്പോണന്റ്സ് ഉണ്ടാക്കുന്നതിനു ഉപയോഗിച്ചിട്ടുള്ളത്.<br>• ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡാണ് റോക്കറ്റ് |

| | | | |
|---|---|---|---|
| | | | കുതിച്ചുയരുന്നതിനാവശ്യമായ ഖര ഇന്ധനം നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുവായ സോഡിയം ക്ലോറേറ്റ് ക്രിസ്റ്റൽ നിർമ്മിച്ച് നൽകിയിട്ടുള്ളത്.<br>• കെൽട്രോണിൽ നിന്നും സാറ്റ്‌ലൈറ്റ് ലോഞ്ച് വെഹിക്കിൾ LVM-3 യിലെ ഇന്റർഫേസ് പാക്കേജുകൾ, ഏവിയോണിക്സ് പാക്കേജുകൾ, ചന്ദ്രയാന് വേണ്ടിയുള്ള പവർ മോഡ്യൂളുകൾ, ടെസ്റ്റ് ആൻഡ് ഇവാലുവേഷൻ സപ്പോർട്ട് എന്നിങ്ങനെ 41 വിവിധ ഇലക്ട്രോണിക്സ് മോഡ്യൂൾ പാക്കേജുകൾ ചന്ദ്രയാൻ 3 മിഷനിൽ നൽകിയിട്ടുള്ളത്.<br>• സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ് ആണ് ചന്ദ്രയാൻ ദൗത്യത്തിന് ആവശ്യമായ അതിസങ്കീർണ്ണമായ ഫോർജിംഗ്സുകൾ നൽകിയത്. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും സംരക്ഷിക്കുന്നതിനും സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ? | (സി) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുക എന്ന നയത്തിനോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപങ്ങളെ കൂടി ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ എന്നീ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനർനാമകരണം ചെയ്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്ന പേരുകളിൽ പുതിയ പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ നിലപാട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ